3. ടൗൺഷിപ്പ് സർവ്വേ നമ്പറുകൾ

4. ടൗൺഷിപ്പ് വിസ്തൃതി വിവരങ്ങൾ

5. ഡി.ടി.സി.പി. അപ്രൂവ്ഡ് പ്ലാനിന്റെ വിവരങ്ങൾ.

(തുടർന്ന് വിവരം ലൈബ്രറിയിൽ വയ്ക്കുന്നതാണ്)

സ്മാർട്ട് സിറ്റി പ്രദേശത്ത് അനുബന്ധ സേവനങ്ങൾക്കുള്ള ഭൂമി

243 (3397) ശ്രീ. രമേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാഭ്യാസവും മന്ത്രിയുടെ ചുമതലയുള്ള മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സിൽവർ സ്പ്രിംഗ്സിന്റെ പ്രവർത്തനം ഏറ്റെടുത്തതിനു ശേഷം കെ.എസ്.ഐ.ടി.എൽ. ഇതുവരെ എത്ര ഏക്കർ ഭൂമിയാണ് വിവിധ ആവശ്യങ്ങൾക്കായി വിട്ടുനൽകിയിട്ടുള്ളത്;

(ബി) കെ.എസ്.ഐ.ടി.എൽ. അനുബന്ധ ആവശ്യങ്ങൾക്ക് എത്ര ഏക്കർ ഭൂമിയാണ് വിട്ടുനൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ഐ.ടി.എൽ. അനുബന്ധ ആവശ്യങ്ങൾക്കായി ഭൂമി വിട്ടുനൽകിയതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) കെ.എസ്.ഐ.ടി.എൽ. അനുബന്ധ ആവശ്യങ്ങൾക്കായി ഭൂമി വിട്ടുനൽകിയതിൽ ഏതെങ്കിലും ഘട്ടത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)&(ബി) സ്മാർട്ട് സിറ്റിയുടെയുള്ളിൽ മറ്റുള്ള സ്ഥലം ഒഴികെ പ്രത്യേകമായി പ്രഖ്യാപിച്ചിട്ടുള്ള 88 ഏക്കർ ഭൂമിയാണ് നിലവിൽ ടി ഭൂമിയിൽ കെ.എസ്.ഐ.ടി.എൽ. അനുബന്ധ ആവശ്യങ്ങൾക്കായി വിട്ടുനൽകിയിട്ടുള്ളത്.

(സി) കെ.എസ്.ഐ.ടി.എൽ. അനുബന്ധ സേവനങ്ങൾ, നിലവിലെ ഓഫീസുകൾ വിപുലീകരിച്ച് തൊഴിലുകൾ സൃഷ്ടിക്കൽ തുടങ്ങിയവ.

(ഡി) ഇല്ലായെന്നറിയിച്ചു കൊള്ളുന്നു.

അക്ഷയ കേന്ദ്രങ്ങളിൽനിന്നും മെച്ചപ്പെട്ട സേവനങ്ങൾ

244 (3398) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാഭ്യാസവും മന്ത്രിയുടെ ചുമതലയുള്ള മന്ത്രി ദയവായി മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly